**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 831** **29-08-2022 - ൽ മറുപടിയ്ക്ക്**

**അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് നീതിയും അതിജീവനവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് നീതി ഉറപ്പാക്കുന്നതിനായി അടിയന്തിര നിയമ സഹായങ്ങൾ ലഭ്യമാക്കുന്നതിനും ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി സംസ്ഥാനതല ഹെൽപ്പ് ലൈൻ രൂപീകരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 15.07.2022 തീയതിയിലെ സ.ഉ(സാധാ)നം.793/2022/ പജപവവിവ പ്രകാരം അനുമതി നൽകുകയും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഹെൽപ്പ് ലൈൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനതല ഹെൽപ്പ് ലൈൻ രൂപീകരിയ്ക്കുന്നതിന്റെ ഭാഗമായി ഒരു കോൾസെന്റർ, ഒരു ലീഗൽ അഡ്വൈസർ, 14 ലീഗൽ കൗൺസിലർമാർ എന്നീ സംവിധാനങ്ങളാണ് പട്ടികജാതി വികസന വകുപ്പിൽ സജ്ജീകരിയ്ക്കുന്നത്. അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാരുടെ നിയമപരമായ സംശയ നിവാരണങ്ങൾക്കായും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനായും അത്തരക്കാർക്ക് വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളെ സംബന്ധിച്ച വിവരങ്ങൾക്കായി ബന്ധപ്പെടുന്നതിന് ഒരു ഹെൽപ്പ് ലൈൻ നമ്പറോട്ടുകൂടിയതും 2 കോൾസെന്റർ അസിസ്റ്റന്റുമാരുൾപ്പെടുന്നതുമായ സംവിധാനമാണ് വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ പ്രവർത്തിയ്ക്കുന്ന കോൾസെന്റർ.<br><br>അതിക്രമത്തിൽ ഇരയാകുന്നവരെ കണ്ടെത്തി അവർക്കു ആവശ്യമായ നിയമ സഹായങ്ങൾ ലഭ്യമാക്കുക, പോലീസുമായി ബന്ധപെട്ടു യഥാസമയം FIR, ചാർജ് ഷീറ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള |

നടപടികൾ സ്വീകരിക്കുക, പട്ടികജാതിക്കാർക്കിടയിൽ മതിയായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 14 ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോൾസെന്ററിനേയും 14 ജില്ലകളിലെ ലീഗൽ കൗൺസിലർമാരേയും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ അതിക്രമ നിരോധന നിയമ പ്രകാരമുള്ള കേസുകൾ വിലയിരുത്തുന്നതിനും പോലീസ് ആസ്ഥാനം, സ്പെഷ്യൽ സെൽ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ലീഗൽ അഡ്വൈസറെയും നിയമിക്കുന്നുണ്ട്.

അതിക്രമത്തിന് വിധേയരാകുന്ന പട്ടികജാതിക്കാരുടെ അതിജീവനം ലക്ഷ്യമാക്കി അതിക്രമ നിരോധന നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് FIR, Charge Sheet, Conviction എന്നീ മൂന്നു ഘട്ടങ്ങളിലും അനുവദനീയമായ തുക ആശ്വാസ ധനസഹായമായി വകുപ്പ് മുഖേന അനുവദിക്കുന്നു. അതിക്രമത്തിനിരയായി കൊലചെയ്യപ്പെടുകയോ, ബലാൽസംഗത്തിനിരയാകുകയോ, ജോലി ചെയ്യുവാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുകയോ ചെയ്യുന്ന വ്യക്തികളുടെ കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് ആശ്രിതന് പ്രതിമാസം 5000/-രൂപ പെൻഷൻ, സർക്കാർ ജോലി, കൃഷി ഭൂമി, വീട് എന്നിവ ആവശ്യകതയ്ക്ക് അനുസരിച്ച് അനുവദിച്ചു വരുന്നു.

സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നീതി ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവി, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടം 1995 പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അവലോകനയോഗങ്ങൾ യഥാസമയങ്ങളിൽ നടത്തിവരികയും അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു. പട്ടികജാതി വിഭാഗക്കാർക്കെതിരെയുള്ള കേസുകൾ, പരാതികൾ എന്നിവ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഡി.വൈ.എസ്.പി മാരുടെ കീഴിൽ സബ് ഡിവിഷൻ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന പട്ടികവിഭാഗക്കാർ വാദികളായ കേസുകളിൽ കേസ്

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്യാലുടൻ വികിട്ടിം ലെയ്സൻ ഓഫീസർമാരെ നിയമിച്ചും നിയമപരമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി District Legal Services Authority-യെ അറിയിച്ചും അവർക്കാവശ്യമായ സംരക്ഷണവും മറ്റു സഹായങ്ങളും നൽകി വരുന്നതുമാണ് . |

സെക്ഷൻ ഓഫീസർ